കൂടാതെ ചെക്കു ഡാം നിർമ്മാണത്തിന് പ്രാഥമികാനുമതി ലഭിച്ചിട്ടുണ്ട്.

9 (*219) 60 വയസ്സ് കഴിഞ്ഞ എല്ലാ കർഷകർക്കും പെൻഷൻ

ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി തൊഴിലായി സ്വീകരിക്കുകയും സാമ്പത്തികമായി പിന്നോക്കം നിൽക്കുകയും ചെയ്യുന്ന 60 വയസ്സ് കഴിഞ്ഞ എല്ലാ കർഷകർക്കും കർഷക പെൻഷൻ നൽകാൻ സർക്കാരിന് എന്തെങ്കിലും പദ്ധതിയുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിനു വേണ്ടി അടിയന്തിരമായി നടപടി സ്വീകരിക്കുമോ എന്നു വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ)&(ബി) കർഷകരുടെ ക്ഷേമം മുൻനിർത്തിയുള്ള ഒരു ബൃഹത്തായ പെൻഷൻ പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

10 (*220) കെ.എസ്.ആർ.ടി.സി. യുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

ശ്രീ. തമ്പാനൂർ രവി :
ശ്രീ. പാലോട് രവി :
ശ്രീ. കെ. സുധാകരൻ :
ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) യാത്രാനിരക്കുകൾ വർദ്ധിപ്പിച്ചപ്പോൾ യാത്രക്കാരുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഹൈ-ടെക് ബസുകൾ നിരത്തിലിറക്കുകയുണ്ടായോ;

(ഡി) അതുമൂലം ഉണ്ടായ ഗുണപരമായ മാറ്റം പരിശോധിച്ചിട്ടുണ്ടോ;

(ഇ) സ്കൂൾ സമയത്ത് കൂടുതൽ ബസ്സുകൾ ഫാസ്റ്റ് സർവ്വീസ് നടത്തുന്നതുമൂലം വിദ്യാർത്ഥികൾക്ക് യാത്രാദുരിതമുണ്ടാക്കുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു)

(എ) ദേശസാൽകൃത മേഖലയിലേയും, യാത്രക്കാരുടെ തിരക്ക് കൂടുതലുള്ളതും കൂടുതൽ വരുമാനം ലഭിക്കുന്നതുമായ സർവ്വീസുകൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

മുൻഗണന നൽകി പരമാവധി സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുവാൻ നടപടിക ളെടുത്തിട്ടുണ്ട്. വരുമാനചോർച്ച തടയുന്നതിനും കൃത്യത പാലിക്കുന്നത് ഉറപ്പു വരുത്താനും ലൈൻ ഇൻസ്പെക്ടർ വിഭാഗം ശക്തിപ്പെടുത്തി. ദീർഘ ദൂര സർവീസുകളുടെ കാര്യക്ഷമമായ ഓപ്പറേഷനുവേണ്ടി പുതിയ ബസ്സുകൾ ഇത്തരം സർവീസുകൾക്കായി ഉപയോഗിച്ചുവരുന്നു. നാഷണൽ ഹൈവേ, എം.സി. റോഡ് എന്നിവയിലൂടെ കൂടുതൽ ദീർഘദൂര സർവീസുകൾ ഏർപ്പെ ടുത്തിയിട്ടുണ്ട്. കണ്ണൂർ, കാസർഗോഡ് കോട്ടയം, കുമിളി, പാലക്കാട്, തൃശ്ശൂർ, കായംകുളം, പുനലൂർ, കുളത്തൂപ്പുഴ എന്നീ ദേശവൽകൃതമേഖലകളിൽ സ്വകാര്യ മേഖലയെ പൂർണ്ണമായും ഒഴിവാക്കികൊണ്ട് സർവ്വീസ് നടത്തുക യാണ്. വരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർവ്വീസുകളെ എ, ബി, സി, ഡി എന്നിങ്ങനെ നാലായി തരം തിരിച്ചിരിക്കുന്നു. എ, ബി വിഭാഗങ്ങളിൽപ്പെട്ട സർവ്വീസുകൾ മുടക്കം കൂടാതെ ഓപ്പറേറ്റ് ചെയ്യാൻ നടപടികളെടുത്തിട്ടുണ്ട്. ഒരു ഷെഡ്യൂളിന് രണ്ട് കണ്ടക്ടർമാരേയും രണ്ടു ഡ്രൈവർമാരേയും വീതം സ്ഥിരമായി അനുവദിക്കുന്ന "ബസ് ക്രൂമാറ്റേജ്" പദ്ധതി നടപ്പിൽ വരുത്തി. ഇതിന്റെ ഫലമായി സർവ്വീസുകളുടെ കൃത്യനിഷ്ഠയും കാര്യക്ഷമതയും വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഓപ്പറേറ്റിംഗ് വിഭാഗത്തിലെ ജീവന ക്കാർക്കുള്ള ഇൻസന്റീവ് സ്കീം കൂടുതൽ ആകർഷകമാക്കിയിട്ടുണ്ട്.

(ബി) ഡീസലിന്റേയും സ്പെയർ പാർട്ടുകളുടേയും വിലക്കും പ്രവർത്തന ചെലവും താങ്ങാവുന്നതിലധികം ഉയർന്ന സാഹചര്യത്തിലാണ് ബസ് ചാർജ്ജ് വർദ്ധിപ്പിക്കുവാൻ നിർബന്ധിതമായത്. എന്നാലും ലഭ്യമായ വിഭവ ശേഷിക്കനുസരിച്ച് ബസ് സ്റ്റേഷനുകൾ നവീകരിക്കാനും ബസ് സ്റ്റേഷ നുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്താനും നടപടികളെടുത്തിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ഇല്ല. വിദ്യാർത്ഥികൾക്കായി ഏർപ്പെടുത്തിയിട്ടുള്ള സർവ്വീസു കൾ ഒരു കാരണവശാലും മുടക്കരുതെന്നും അവ കൃത്യനിഷ്ഠയോടെ ഓടി ക്കണമെന്നുമുള്ള കർശന നിർദ്ദേശം നിലവിലുണ്ട്.

11 (*221) ഓരോ വിളവിന്റെയും സ്ഥിതി വിവരക്കണക്ക്

ശ്രീ. കെ. സുധാകരൻ :
ശ്രീ. പി.ജെ. ജോയി :
ശ്രിമതി റോസമ്മ ചാക്കോ :
ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ സംസ്ഥാനത്തെ ഓരോ വിളവിന്റെയും സ്ഥിതിവിവര ക്കണക്ക് എടുക്കുന്നത് എപ്രകാരമാണ്;

(ബി) ഈ സ്ഥിതിവിവരക്കണക്കിലെ പാളിച്ചകൾമൂലം കാർഷിക ഉല്പാദനത്തിന്റെ യഥാർത്ഥ വിവരങ്ങൾ ലഭ്യമല്ലാത്തതുകൊണ്ട് പലപ്പോഴും വിപണിയിൽ വിലയിടിവ് ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ സ്ഥിതിവിവരക്കണക്ക് യാഥാർത്ഥ്യവുമായി ബന്ധപ്പെ ടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly